കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരശുചീകരണ പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ).219/15/തസ്വഭവ** **തിരുവനന്തപുരം, തീയതി, 03.07.2015**

==========================================================================

പരാമർശം: നഗരകാര്യ ഡയറക്ടറുടെ 20.05.2015 തീയതിയിലെ ഡിസി5-2335/15 നമ്പർ കത്ത്.

**ഉത്തരവ്**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 13.05.2015 തീയതിയിലെ സംസ്ഥാന കൗൺസിൽ യോഗം, സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെയും മുനിസിപ്പൽ ദിനാഘോഷങ്ങളുടെയും ഭാഗമായി ബന്ധപ്പെട്ട നഗരസഭാ പ്രദേശങ്ങൾ മനോഹരമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കായി മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും ഒരു തൊഴിലാളിയെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഓരോ വാർഡിലും 3 തൊഴിലാളികളെയും 30.05.2015 മുതൽ മൂന്നു മാസത്തേക്ക് അയ്യങ്കാളി പദ്ധതിയിൻ കീഴിൽ നിയോഗിക്കുന്നതിനും അവർക്ക് പ്രതിദിനം വേതനമായി 300/- രൂപ നിരക്കിൽ അയ്യങ്കാളി പദ്ധതിയുടെ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും തീരുമാനിച്ചു. നഗരസഭാ പ്രദേശത്തെ റോഡുകളിലും ഓടയിലും കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും റോഡുകളിലെ അനധികൃത ബോർഡുകളും ഫ്ലക്സുകളും നീക്കം ചെയ്യുന്നതിനു വേണ്ടി ടി തൊഴിലാളികളെ നിയോഗിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. നഗരകാര്യഡയറക്ടർ ടി വിഷയത്തിൽ പരാമർശ പ്രകാരം അനുമതി ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 13.05.2015 തീയതിയിലെ സംസ്ഥാന കൗൺസിൽ തീരുമാനപ്രകാരം സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെയും മുനിസിപ്പൽ ദിനാഘോഷങ്ങളുടെയും ഭാഗമായി ബന്ധപ്പെട്ട നഗരസഭാ പ്രദേശങ്ങൾ മനോഹരമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കായി മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡിലും ഒരു ആൾ വീതവും മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഓരോ

വാർഡിലും 3 ആളുകൾ വീതവും 30.05.2015 മുതൽ മൂന്നു മാസത്തേക്ക് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊഴിലാളികളെ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും 300 രൂപ ദിവസക്കൂലിയിൽ ബന്ധപ്പെട്ട വാർഡ് കൗൺസിലർമാരുടെ മേൽനോട്ടത്തിൽ നിയോഗിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.പി.എം.മുഹമ്മദ് ഹനീഷ് ഐ.എ.എസ്.,
സെക്രട്ടറി

To

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. ധനകാര്യവകുപ്പ്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ